**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത.വി.കുമാർ ഐഎഎസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - സക്ഷം അങ്കണവാടി നവീകരണം 2023-24 - 1710 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയത് - മറ്റ് അങ്കണവാടികൾക്ക് നവീകരണാനുമതി മാറ്റി നൽകി- രണ്ടാം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. ഈ കാര്യാലയത്തിലെ 29.08.2024 ലെ ഇതേ നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 22-10-2024, 13-12-2024 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ
3. വിവിധ ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള അപേക്ഷകൾ
4. ആലപ്പുഴ പ്രോഗ്രാം ഓഫീസറുടെ 5.10.2024തിയതിയിലെ PO/ALPY/E2-529/2023 നമ്പർകത്ത്.

**ഉത്തരവ് നം.DWCD/1038/2023-ICDSA7 തീയതി: 13-01-2025**

2023-24 സാമ്പത്തിക വർഷത്തെ സക്ഷം അങ്കണവാടി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 1710 അങ്കണവാടികൾ നവീകരിക്കുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുമതി നൽകിയും ഫണ്ട് അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

നവീകരണാനുമതി നൽകിയ ചില അങ്കണവാടികൾ അൺഫിറ്റ് ആയതിനാലും ആവശ്യമായ സ്ഥല സൗകര്യമില്ലാത്തതിനാലും, മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് നവീകരണം നടത്തിയതിനാലും പകരം അങ്കണവാടിക്ക് നവീകരണാനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം വിവിധ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും പ്രപ്പോസലുകൾ ലഭ്യമായിട്ടുണ്ട്.

പരാമർശം (4) പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്ന് 51 അങ്കണവാടികളുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതായും, പ്രസ്തുത പ്രൊപ്പോസലിൽ ആലപ്പുഴ അർബൻ പ്രോജക്ടിൽ നിന്നും 2 അങ്കണവാടികളും, ഭരണിക്കാവ് പ്രോജക്ടിൽ നിന്നും 1 അങ്കണവാടിയേയുമാണ് ഉൾപ്പെടുത്തിയിരുന്നതെന്നും, എന്നാൽ പരാമർശം (1) പ്രകാരം ഫണ്ട് അനുവദിച്ചിട്ടുള്ളത് 1,00,000/- രൂപ നിരക്കിൽ ആലപ്പുഴ അർബൻ പ്രോജക്ടിലെ 3 അങ്കണവാടികൾക്കാണെന്നും, ആകയാൽ നവീകരണാനുമതി ലഭ്യമായിട്ടുള്ള ഭരണിക്കാവ് പ്രോജക്ടിലെ അങ്കണവാടിയുടെ നവീകരണത്തിനായി ആലപ്പുഴ അർബൻ പ്രോജക്ടിന് അനുവദിച്ച തുകയിൽ നിന്നും 1,00,000/- രൂപ ഭരണിക്കാവ് പ്രോജക്ടിലേക്ക് മാറ്റി അനുവദിക്കുന്നതിന് ആലപ്പുഴ പ്രോഗ്രാം ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള അങ്കണവാടികൾക്ക് നവീകരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | നവീകരണാനുമതി നൽകിയ പ്രോജക്റ്റിന്റെ പേര് | നവീകരണാനുമതി നൽകിയ അങ്കണവാടി സെന്റർ നം. | നവീകരണാനുമതി മാറ്റി നൽകുന്ന അങ്കണവാടി സെന്റർ നം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരു-അർബൻ 2 | 37 | 62 |
| 2 | | വാമനപുരം | 16 | 11 |
| 3 | പത്തനംതിട്ട | പറക്കോട് അഡീഷണൽ | 5 | 1 |
| 4 | | ഇലന്തൂർ | 47 | 62 |
| 5 | | പന്തളം | 36 | 16 |
| 6 | ആലപ്പുഴ | ആര്യാട് | 123 | 51 |
| 7 | വയനാട് | സുൽത്താൻ ബത്തേരി | 5 | 7 |
| 8 | മലപ്പുറം | താനൂർ | 19 | 51 |

പരാമർശം (4) പ്രകാരമുള്ള ആലപ്പുഴ പ്രോഗ്രാം ഓഫീസറുടെ അപേക്ഷ പരിഗണിച്ച് ആലപ്പുഴ അർബൻ പ്രോജക്റ്റിന് അനുവദിച്ചിട്ടുള്ള 3,00,000/- രൂപയിൽ നിന്നും 1,00,000/- രൂപ പിൻവലിച്ച് ഭരണിക്കാവ് പ്രോജക്ടിലെ 17-ാം നമ്പർ അങ്കണവാടിയുടെ നവീകരണത്തിനായി ഭരണിക്കാവ് ശിശു വികസന ഓഫീസർക്ക് അനുവദിക്കുന്നതിന് ആലപ്പുഴ ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശം (1,2) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

ജില്ലാ വനിത ശിശുവികസന ഓഫീസർ ആലപ്പുഴ

HARITHA V KUMAR, DIRECTOR D WCD, O/o
Director DWCD
**വനിത ശിശുവികസന ഡയറക്ടർ**

പകർപ്പ് :

1.ജില്ലാ വനിത ശിശുവികസന ഓഫീസർ
തിരുവനന്തപുരം, പത്തനംതിട്ട,വയനാട്, മലപ്പുറം
2.പ്രോഗ്രാം ഓഫീസർ
തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, ആലപ്പുഴ, മലപ്പുറം
3.ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
4.കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
A R Rahul
Date: 13-01-2025 16:20:43
**സൂപ്രണ്ട്**